**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1642** **08-02-2023 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കർഷക കടാശ്വാസ കമ്മീഷന് തുക അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | **2021-22 സാമ്പത്തിക വർഷത്തിൽ കടാശ്വാസ വിതരണത്തിനായി 18.9 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 34.9004 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷന് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ശമ്പള ഇനത്തിൽ 122.47 ലക്ഷം രൂപ വീതവും ശമ്പളേതരയിനത്തിൽ 53.81 ലക്ഷം രൂപ വീതവും ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ഇതിനുപുറമെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ അധിക ധനാനുമതി മുഖേന 160 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.** |
| (ബി) | കടക്കെണിയിലായ കർഷകരുടെ ഈട് വച്ച ആധാരങ്ങൾ ബാങ്കുകളിൽ നിന്നും തിരിച്ചെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | കടാശ്വാസം അനുവദിച്ചുകൊണ്ട് കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡുകളിൽ കർഷക വിഹിതം അടച്ച കഴിഞ്ഞാൽ, സർക്കാരിൽനിന്നുള്ള വിഹിതം ലഭിക്കുന്നതിന് കാത്തുനില്ക്കാതെ കർഷകരുടെ ഈട് പ്രമാണങ്ങൾ തിരികെ നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കർഷക വിഹിതം അടച്ച കഴിഞ്ഞാൽ ഈട് പ്രമാണങ്ങൾ മടക്കി നൽകണമെന്ന് സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവു പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ വിവിധ സർക്കുലറുകൾ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. രേഖകൾ മടക്കി നൽകുന്നതിൽ ചില സഹകരണ സ്ഥാപനങ്ങൾ വിമുഖത കാണിയ്ക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ കർഷകവിഹിതം അടച്ച കഴിഞ്ഞാൽ പ്രമാണം തിരികെ നൽകുന്നതിൽ വീഴ്ച വരുത്തുന്ന ബാങ്കുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കർഷകർക്ക് സഹകരണ ബാങ്കുകൾ ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | **കടാശ്വാസ കമ്മീഷൻ ഉത്തരവുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക വിതരണം ചെയ്യുന്നത്. ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസുകളിൽ വെരിഫിക്കേഷൻ നടത്തുന്നതിനു മുമ്പായി അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.** |
| (ഡി) | കൃഷി മുഖ്യ വരുമാനമായിട്ടുള്ളവർ കാർഷിക ആവശ്യത്തിന് എടുത്ത് കുടിശികയായിട്ടുള്ള വായ്പകളിൽ ഇളവ് അനുവദിക്കുന്നതിനായി കമ്മീഷൻ സിറ്റിംഗ് നടത്തുന്നുണ്ടോ; പ്രസ്തുത കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വായ്പകളിൽ ഇളവ് അനുവദിക്കുന്നതിനായി കമ്മീഷൻ സിറ്റിംഗ് നടത്തി വരുന്നുണ്ട്. കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഇതുവരെ മുടങ്ങിയിട്ടില്ല. എന്നാൽ 2023 ജനുവരിയിലെ ശമ്പള വിതരണത്തിൽ 11 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ